പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2860 **29-10-2026-ൽ മറുപടിയ്ക്ക്**

ആലുവ പെരുമ്പാവൂർ റോഡ് വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. അൻവർ സാദത്ത്	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ആലുവ -പെരുമ്പാവൂർ റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത പ്രവൃത്തിയ്ക്ക് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017-ന് 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. G.O (Rt)No. 188/2021/PWD dated 12.02.2021 പ്രകാരം ഭരണാനുമതി പരിഷ്കരിച്ചിട്ടുണ്ട്. 11.04.2023-ന് കിഫ്ബിയിൽ നിന്നും സ്ഥലം ഏറ്റെടുപ്പിനായി 262.75 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ശബരിമല പാക്കേജ് പ്രൊപ്പോസൽ നടത്തുന്നതിനായി ഈ റോഡ് PWD Roads വിഭാഗത്തിന് കൈമാറി നൽകിയിരിക്കുന്നതും, നിലവിൽ DLP കാലാവധിയിലുമാണ്. ടി പദ്ധതിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

മറുപടി: 11.04.2023-ലെ PWD 015-59/TE-5/2023/KIIFB നമ്പർ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും സ്ഥലമേറ്റെടുപ്പിനായി 262.75 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 09.2024-ന് റവന്യൂ (ബി) വകുപ്പ് ഉത്തരവ് നൽകുകയും, ആലുവ വെസ്റ്റ് വില്ലേജ് കൂടി ഉൾപ്പെടുത്തി 09.08.2024-ന് പുതുക്കിയ റവന്യൂ (ബി) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 01.03.2025 തീയതിയിൽ 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ച് ഡ്രോയിംഗ് ലഭിച്ചിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാറിന് (LA, KIIFB, എറണാകുളം) Land Acquisition Officer ആയി നിയമിക്കപ്പെട്ടു. പെയ്മെന്റ് ഇതുവരെ റിലീസ് ചെയ്യാത്ത ഭൂമി ഏറ്റെടുക്കലിന് കിഫ്ബിയുടെ കീഴിലുള്ള പദ്ധതികളെ സംബന്ധിച്ച തുടർനിർദ്ദേശങ്ങൾക്കായ KRFB സമർപ്പിച്ച ശിപാർശ നിലവിൽ പരിശോധിച്ചു വരുകയാണ്.

സെക്ഷൻ ഓഫീസർ